# കേരള കാർഷിക സർവ്വകലാശാല
## കൃഷി വിജ്ഞാന കേന്ദ്രം, സദാനന്ദപുരം
## കൊട്ടാരക്കര, കൊല്ലം – 691 531

കെ.വി.കെ/ കെ.എൽ.എം/1944/26

തീയതി : 13.05.2026

**ദർഘാസ് പരസ്യം**

കൃഷി വിജ്ഞാന കേന്ദ്രത്തിലെ മൃഗസംരക്ഷണ വിഭാഗത്തിലേക്ക് മൂന്ന് വയസ്സിൽ താഴെയുള്ള കന്നുകുട്ടി/പശുവിനെ വിതരണം ചെയ്യുന്നതിന് നിബന്ധനകൾക്കു വിധേയമായി മത്സരസ്വഭാവമുള്ള ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1. ആവശ്യമുള്ള കന്നുകുട്ടി/പശു എണ്ണം – 1
2. ഈ ക്വോട്ടേഷനിൽ പരാമർശിക്കുന്ന മൃഗം താഴെ പരാമർശിക്കുന്ന ഇനത്തിൽപ്പെട്ട പ്രജനനയോഗ്യമായ ഹീഫർ/പശു ആയിരിക്കണം.
3. ഇനം - പ്രകൃതി കൃഷിക്ക് അനുയോജ്യമായ ദേശി/നാടൻ കുള്ളൻ കന്നുകുട്ടിക്കൾ/പശുക്കൾ, (വെച്ചൂർ, കാസർഗോഡ് കുള്ളൻ, തെന്മല കുള്ളൻ തുടങ്ങിയവക്കും, മേൽ പരാമർശിച്ച സങ്കരയിനം കന്നുകുട്ടിക്കൾ/പശുക്കൾക്കു മുൻഗണന).
4. പ്രായം – വാങ്ങുന്ന സമയത്ത് 9 മാസം മുതൽ 3 വയസ്സ വരെയുള്ള കന്നുകുട്ടി/പശു ആയിരിക്കണം.
5. പ്രജനന സ്ഥിതി - നല്ല വളർച്ചയുള്ളവയും പ്രജനന പക്വതയിലേക്ക് എത്തിച്ചേരുന്നവയും ആയിരിക്കണം. ഇതുവരെ പ്രസവിച്ചിട്ടില്ലാത്ത (ഹീഫർ) മുൻഗണന. ഒരു തവണ പ്രജനനം നടത്തിയതോ ആയ മേൽ ഇനം പശുകളേയും പരിഗണിക്കും.
6. ആരോഗ്യം - കന്നുകുട്ടി/പശു ആരോഗ്യവാന്മാരായിരിക്കണം. പകരുന്ന രോഗങ്ങളും സംക്രമണ രോഗങ്ങളും ഇല്ലാത്തവയായിരിക്കണം. നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വാക്സിനേഷൻ നൽകിയിരിക്കണം. Foot and Mouth Disease (FMD), Brucellosis, Lumpy Skin Disease (LSD) എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യ രേഖകൾ ആവശ്യപ്പെട്ടാൽ ഹാജരാക്കേണ്ടതാണ്. ഇൻഷുറൻസ് പരിരക്ഷ ഉണ്ടെങ്കിൽ ആ രേഖയും ഹാജരാക്കേണ്ടതാണ്.
7. ശാരീരിക സ്ഥിതി – സജീവവും നല്ല ശരീരാവസ്ഥയുള്ളതും, ശരീരിക കുറവുകളോ, അംഗഭംഗമോ ഉണ്ടായിരിക്കാൻ പാടുള്ളത് അല്ല.
8. രേഖകൾ–പ്രായവും, ഇനവും, ആരോഗ്യ അവസ്ഥയും വ്യക്തമായി ക്വോട്ടേഷനോടൊപ്പം സത്യസന്ധമായി വിശദീകരിക്കണം.
9. ക്വോട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി മൃഗത്തിന്റെ നിയമാനുസൃത ഉടമയായിരിക്കണം. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളും സാധുവായ തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.
10. വില - കന്നുകുട്ടിക്കു/പശുവിന് ഉടമ നിർദേശിക്കുന്ന വില കൃത്യമായി കൊട്ടേഷനിൽ പരാമർശിച്ചിരിക്കണം.
11. സീൽ ചെയ്തു സമർപ്പിക്കുന്ന കൊട്ടേഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. കൊട്ടേഷനുകൾ തപാൽ മുഖേനയോ നേരിട്ട് ഓഫീസിൽ എത്തിച്ചോ സമർപ്പിക്കാവുന്നതാണ്. കൊട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "കന്നുകുട്ടി/പശു വിതരണം - കൊട്ടേഷൻ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൊട്ടേഷനോടൊപ്പം നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോമും സമർപ്പിക്കേണ്ടതാണ്
12. ലഭിക്കുന്ന ക്വോട്ടേഷനുകൾ ഈ കേന്ദ്രം നിയോഗിക്കുന്ന പരിശോധന സമിതി പ്രാഥമികമായി പരിശോധിച്ച്, നിബന്ധനകൾ പാലിക്കുന്നതും പരിശോധനയ്ക്ക് യോഗ്യമാണെന്ന് കണ്ടെത്തുന്നതുമായ ക്വോട്ടേഷനുകൾ പ്രത്യേകം തിരിച്ച് തിരഞ്ഞെടുക്കുന്നതായിരിക്കും. പരിശോധനയ്ക്കായി തിരഞ്ഞെടുക്കപ്പെടുന്ന ക്വോട്ടേഷൻ സമർപ്പകരെ പരിശോധന തീയതിക്ക് കുറഞ്ഞത് 7 ദിവസം മുമ്പ് ഫോൺ വഴി/മറ്റ് അനുയോജ്യമായ മാർഗങ്ങൾ വഴി അറിയിക്കുന്നതാണ്.

13. പ്രാഥമിക പരിശോധനയിൽ അയോഗ്യമായി കണ്ടെത്തുന്ന ക്വോട്ടേഷനുകൾ സംബന്ധിച്ച് അപേക്ഷനു പ്രത്യേകം അറിയിപ്പ് നൽകുന്നതിനോ കാരണം വിശദീകരിക്കുന്നതിനോ ഈ കേന്ദ്രം ബാധ്യസ്ഥരായിരിക്കുന്നതല്ല. കൃഷി വിജ്ഞാന കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

14. കന്നുകുട്ടി/പശുവിനെ ഈ കേന്ദ്രത്തിലെ വെറ്ററിനറി ഡോക്ടർ നേരിട്ട് പരിശോധന നടത്താൻ ഉള്ള സാഹചര്യം ഉടമ ഒരുക്കേണ്ടത് ആണ്. പ്രായം, ആരോഗ്യ രേഖകൾ ഇവ പരിശോധന സമയം ലഭ്യമാക്കണം.

15. പരിശോധന പൂർത്തിയായതിനുശേഷം പരിശോധന സമിതി ഓരോ കന്നുകുട്ടിയുടെയും/പശുവിന്റെയും ആരോഗ്യനില, പ്രായം, ശാരീരികാവസ്ഥ, പ്രജനനയോഗ്യത, രേഖകളുടെ സാധുത, ഗുണനിലവാരം, വില എന്നിവ വിലയിരുത്തി വിശദമായ പരിശോധന റിപ്പോർട്ട് തയ്യാറാക്കുന്നതായിരിക്കും. പരിശോധന റിപ്പോർട്ടിന്റെയും സമർപ്പിച്ചിരിക്കുന്ന വില ക്വോട്ടേഷനുകളുടെയും അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ ക്വോട്ടേഷൻ തിരഞ്ഞെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ക്വോട്ടേഷൻ സമർപ്പകനെ ഔദ്യോഗികമായി അറിയിക്കുന്നതും, ഈ കേന്ദ്രം നിർദേശിക്കുന്ന സമയപരിധിക്കകം മൃഗത്തെ കൈമാറേണ്ടതുമാണ്. പരിശോധനയിൽ അയോഗ്യമാണെന്ന് കണ്ടെത്തുന്ന കന്നുകുട്ടികൾ/മൃഗങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നിരസിക്കപ്പെടുന്നതാണ്.

16. ഈ കേന്ദ്രത്തിന്റെ ആവശ്യകത, സാങ്കേതിക യോഗ്യത, ആരോഗ്യനില, പരിശോധന സമിതിയുടെ പരിശോധന റിപ്പോർട്ട്, പ്രായം, പ്രജനനയോഗ്യത, ഗുണനിലവാരം എന്നിവ സംയുക്തമായി പരിഗണിച്ചായിരിക്കും അന്തിമ തിരഞ്ഞെടുപ്പ് നടത്തുക. സമർപ്പിക്കപ്പെട്ട കൊട്ടേഷനുകൾ പരിശോധിച്ച്, കുറഞ്ഞ നിരക്കിൽ (Lowest Quoted Price) ലഭ്യമായതും അതോടൊപ്പം കന്നുകുട്ടിയുടെ/പശു ഗുണനിലവാരം, ആരോഗ്യസ്ഥിതി, പ്രായം എന്നിവ വിലയിരുത്തി ഈ കേന്ദ്രത്തിന്റെ ആവശ്യകതക്കനുസരിച്ച് ഏറ്റവും അനുയോജ്യമായ ക്വോട്ടേഷനാണ് തിരഞ്ഞെടുക്കുക. ഏറ്റവും കുറഞ്ഞ നിരക്ക് മാത്രം തിരഞ്ഞെടുപ്പിന്റെ ഏക മാനദണ്ഡമായിരിക്കുകയില്ല.

17. കൃഷി വിജ്ഞാന കേന്ദ്രം മേധാവിക്ക് യാതൊരു കാരണവും വ്യക്തമാക്കാതെ ഏതെങ്കിലും ക്വോട്ടേഷൻ അല്ലെങ്കിൽ മുഴുവൻ ക്വോട്ടേഷൻ നടപടിയും റദ്ദാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. ക്വോട്ടേഷനിൽ നൽകിയ വിവരങ്ങൾ വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആണെന്ന് കണ്ടെത്തുന്ന പക്ഷം ക്വോട്ടേഷൻ തള്ളിക്കളയുന്നതും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

19. കൂടുതൽ വിവരങ്ങൾക്ക 0474-2663599 ബന്ധപ്പെടാവുന്നത് ആണ്.

മുകളിൽ വിവരിച്ചിരിക്കുന്നതു പ്രകാരമുള്ള കന്നുകുട്ടി/പശുവിനെ വിതരണം ചെയ്യുന്നതിനുള്ള ദർഘാസുകൾ 21.05.2026 പകൽ 2 മണിക്ക് മുൻപ് അസോസിയേറ്റ് പ്രൊഫസർ ആന്റ് ഹെഡ്, കെ.വി.കെ, സദാനന്ദപുരം, കൊട്ടാരക്കര എന്ന പേരിൽ ഈ ഓഫീസിൽ ലഭിക്കത്തക്ക വിധം അയച്ചിരിക്കണം. കവറിനു മുകളിൽ "കന്നുകുട്ടി/പശുവിനെ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് " എന്ന് രേഖപ്പെടുത്തിയിരിക്കണം. ദർഘാസ് അന്നേ ദിവസം പകൽ 2.30 മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിറക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ദർഘാസ് ഉറപ്പിക്കുന്നതുമാണ്

സർക്കാർ ക്വട്ടേഷനുകളുടെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

13/05/2026

അസോസിയേറ്റ് പ്രൊഫസർ ആന്റ് ഹെഡ്

പകർപ്പ് : വില്ലേജ്/ പഞ്ചായത്ത് ഓഫീസ്, സദാനന്ദപുരം
നോട്ടീസ് ബോർഡ്/ ഡോ. പാർവ്വതി എസ്, അസിസ്റ്റന്റ് പ്രൊഫസർ /ഫയൽ